# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 18**

---

**സ്പോട്ട് അഡ്മിഷൻ**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻറ് ട്രാവൽ മാനേജ്മെൻറ്(എം.ടി.ടി.എം) പ്രോഗ്രാമിൽ 2023-24 അധ്യയന വർഷം എസ്.ടി വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയിട്ടുള്ള താല്പര്യമുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ 21ന് രാവിലെ 10ന് സ്കൂൾ ഓഫീസിൽ എത്തണം. ഫോൺ: 0481 2732922.

(പി.ആർ.ഒ/39/1123/2023)

**ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ് കോഴ്സ്**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ അന്തർ സർവകലാശാല ഭിന്നശേഷി പഠന കേന്ദ്രം(ഐ.യു.സി.ഡി.എസ്) ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ്(ജി.ഡി.എ) കോഴ്സിൻറെ അടുത്ത ബാച്ചിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

നാട്ടിലും വിദേശത്തും ആശുപത്രികളിൽ നഴ്സുമാരെയും ഡോക്ടർമാരെയും സഹായിക്കുന്ന അസിസ്റ്റൻറ് നഴ്സ് തസ്തികയിൽ ജോലി ലഭിക്കുവാൻ ഉപകരിക്കുന്ന കോഴ്സ് ആണ് ജി.ഡി.എ. മൂന്നു മാസത്തെ കോഴ്സിൽ ഒരു മാസത്തെ ആശുപത്രി പരിശീലനവും പ്ലേസ്മെൻറ് സഹായവുമുണ്ട്.
സർവകലാശാലയിൽ നടക്കുന്ന ഓഫ് ലൈൻ ക്ലാസുകളും ഓൺലൈൻ ക്ലാസുകളും ഒക്ടോബർ ആദ്യവാരം ആരംഭിക്കും. ഫോൺ: 9946299968, 8891391580. ഇ-മെയിൽ: iucdsmgu@mgu.ac.in

(പി.ആർ.ഒ/39/1124/2023)

**സൗജന്യ പി.എസ്.സി പരീക്ഷാ പരിശീലനം**

പി.എസ്.സി നടത്തുന്ന വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻറ് ഗൈഡൻസ് ബ്യൂറോയിൽ ഒരു മാസത്തെ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

താല്പര്യമുള്ളവർ ഓഫീസിൽ നേരിട്ട് ഹാജരായി അപേക്ഷ നൽകണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 2731025

(പി.ആർ.ഒ/39/1125/2023)

## പരീക്ഷാ ടൈംടേബിൾ

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് - 2009 മുതൽ 2012 വരെ അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെൻറും മെഴ്സി ചാൻസും) പരീക്ഷയോടൊപ്പം ഏതാനും പേപ്പറുകൾ കൂടി ഉൾപ്പെടുത്തി. പരീക്ഷകൾ ഒക്ടോബർ 9,11,13 തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ വൈബ്സൈറ്റിൽ.

(പി.ആർ.ഒ/39/1126/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക് പ്രിൻറിങ് ടെക്നോളജി(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(സെപ്റ്റംബർ 20) നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1127/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**